277/NSS/DHSE/2009 Date : 09-12-2009

# സർക്കുലർ

ഹയർസെക്കണ്ടറി നാഷണൽ സർവീസ് സ്കീം 2009 ഡിസംബർ 20 മുതൽ 26 വരെ നടത്തുന്ന സപ്തദിന റസിഡൻഷ്യൽ ക്യാമ്പിൽ താഴെപ്പറയുന്ന രണ്ടു പദ്ധതികൾ എല്ലാ യൂണിറ്റിലും പൊതുവായി നടപ്പിലാക്കേണ്ടതാണ്. ഉദ്ഘാടന വേദിയിൽ എൽ.സി.ഡി. പ്രോജക്ടറും കമ്പ്യൂട്ടറും പ്രത്യേകമായി സജ്ജീകരിക്കണം. എല്ലാ ദിവസവും രാവിലെ ശ്രമദാന/കായിക പ്രവർത്തനങ്ങളും വൈകിട്ട് സാംസകാരിക പ്രവർത്തനങ്ങൾ/ചർച്ചാ ക്ലാസുകൾ എന്നിവയും സംഘടിപ്പിക്കേണ്ടതാണ്.

1. **മാലിന്യ മുക്ത ഭവനം – പദ്ധതി (ഡിസംബർ 21)**

സംസ്ഥാനത്ത് ചുരുങ്ങിയത് ഒരു ലക്ഷം മാലിന്യ മുക്ത ഭവനം ലക്ഷ്യമിടുന്നു. വ്യക്തിശുചിത്വ മേഖലയിൽ കേരളം ഏറെ മുന്നിലാണെങ്കിലും ആരോഗ്യ പരിസ്ഥിതി വിഷയങ്ങൾ ഇനിയും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ക്യാമ്പംഗങ്ങൾ ഭവന സന്ദർശനം നടത്തി ''എന്നിട്ടും പനി'' എന്ന പശ്ചാത്തലത്തിൽ സാമൂഹിക ശുചിത്വത്തോളം എത്തിനിൽക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യണം.

പരമാവധി നാല് കുട്ടുകൾ അടങ്ങുന്ന സംഘം ചുരുങ്ങിയത് ഇരുപത് വീടുകൾ സന്ദർശിക്കണം. ചർച്ച ചെയ്യാവുന്നതും വിവരശേഖരണം നടത്താവുന്നതുമായ മേഖലകൾ

1. ശുചിത്വമുള്ള അടുക്കള (പുകയില്ലാത്ത അടുപ്പ്, അടുക്കളത്തോട്ടം)
2. കിണർ - മറയുള്ളത്, പ്ലാസ്റ്ററിംഗ് ചെയ്തത്, കക്കൂസുമായുള്ള അകലം, വാട്ടർ ക്വാളിറ്റി, വല തുടങ്ങിയവ
3. കക്കൂസ് - തരം, സെപ്റ്റിക് ടാങ്ക് ആണോ തുടങ്ങിയവ, കുട്ടികളുടെ മലം മറവുചെയ്യുന്ന രീതി
4. മാലിന്യ സംസ്കരണ രീതി - ഖര – ജല മാലിന്യ സംസ്ക്കരണം, കൊതുക് വരാനുള്ള സാധ്യത തുടങ്ങിയവ.
5. സാമൂഹ്യ ശുചിത്വം - നമ്മുടെ പങ്കാളിത്തം ?

ക്യാമ്പിനേപ്പറ്റിയുള്ള പൊതു വിവരങ്ങൾ പറയാം. നോട്ടീസുകൾ നൽകും. ക്യാമ്പും സമൂഹവുമായുള്ള ബന്ധം ദൃഢവൽക്കരിക്കാം.

സ്ത്രീകളെ ക്യാമ്പിലേക്ക് ക്ഷണിക്കണം. മൂന്നു മണിയ്ക്ക് പൊതു സമ്മേളനം – പനി പോലുള്ള സാമൂഹിക വിപത്തിൽ നിന്നും എങ്ങിനെ സമൂഹത്തെ രക്ഷിക്കാം എന്ന വിഷയത്തെ ആധാരമാക്കി ചർച്ചാ ക്ലാസ്സുകൾ–നല്ല അടുക്കളയ്ക്ക് സമ്മാനം–നല്ല പരിസരത്തിന് സമ്മാനം തുടങ്ങിയവ–പ്രതിജ്ഞ–മാലിന്യ മുക്ത ഭവന പ്രഖ്യാപനം–ജനപ്രതിനിധികളുടെ പങ്കാളിത്വം ഉറപ്പുവരുത്തണം.

2. **നേർവഴി – റോഡ് സുരക്ഷാ പദ്ധതി (ഡിസംബർ 23)**

ക്യാമ്പ് ദിനങ്ങളിൽ എൻ.എസ്.എസ്.ന്റെ ''നേർവഴി'' യും മലയാള മനോരമയുടെ ''വഴിക്കണ്ണും'' കൂട്ടായി പ്രവർത്തിക്കുന്നു. തൊട്ടടുത്ത പട്ടണത്തിൽ/ ബസ്സ്റ്റാന്റിൽ ഒരു ചെറു കൂടാരം നിർമ്മിക്കാം – ഒരു വിഷലിന്റെ സാന്നിദ്ധ്യം ജനശ്രദ്ധ ആകർഷിക്കും.

- കൂടാരം കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തണം
- ബാനർ കരുതണം
- ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ഉദ്ഘാടനം നടത്താം
- റോഡപകടങ്ങൾക്കിരയായവരെ ഉൾപ്പെടുത്തിയുള്ള മീറ്റിംഗുകൾ സംഘടിപ്പിക്കാം.

**I. ബുക്ക്‌ലെറ്റുകൾ/ലഘുലേഖകൾ വിതരണം ചെയ്യണം**

- കാൽനടയാത്രക്കാർക്ക്
- റോഡപകടങ്ങളിൽ ഏറ്റവും നല്ലസഹായികളായ ചുമട്ട് തൊഴിലാളികൾക്ക്, കച്ചവടക്കാർക്ക് (ബുക്ക്‌ലെറ്റുകൾ പ്രിന്റ്ചെയ്ത് അതാത് ജില്ലാ കേന്ദ്രങ്ങളിൽ എത്തിച്ചു നൽകും)

**II. ബസ് സ്റ്റാന്റിൽ ബസ് ഡ്രൈവർമാരെ ബാനർ കാണിച്ച് ആദരിക്കാം (സർക്കുലർ നംമ്പർ. 265 ൽ മോഡൽ കാണിച്ചിരിക്കുന്നു)**

- യൂണിയൻ നേതാക്കളുടെ സഹായത്തോടെ ചെറുചടങ്ങ് സംഘടിപ്പിക്കാം.
- ബസിൽ കയറിയാത്രക്കാരോട് സംസാരിക്കാം.
- ബൂത്ത് പരിസരത്ത് റോഡ് അപകട ചിത്രപ്രദർശനം/പേപ്പർ കട്ടിംഗ്സ് പ്രദർശനം നടത്താം.
- ടാക്സി ഡ്രൈവർമാരെ സമീപിച്ച് ഇന്റർവ്യു നടത്താം.

- ഒരു അപകടവും ഉണ്ടാക്കാത്ത ഡ്രൈവർമാരെ ആദരിച്ചുകൊണ്ട് പൂവ്നൽകാം, എൻ.എസ്.എസ്. ക്ലാപ്പ് നൽകാം.

**III. വൈകിട്ട് ബൂത്ത് പരിസരത്ത്**

1. സ്ഥലം സബ് ഇൻസ്പെക്ടർ/ ട്രാഫിക് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ട് 'റോഡ് സുരക്ഷാ' ക്ലാസ്സുകൾ സംഘടിപ്പിക്കാം.
2. ഒരു ഡോക്ടറെകൊണ്ട് ഫസ്റ്റ് എയ്ഡ് ക്ലാസ്സുകൾ നൽകാം.

**IV. സന്ധ്യക്ക് ട്രാഫിക് ബോധവൽക്കരണ സി.ഡി. പ്രദർശനം**

(മലയാള മനോരമ നിർമ്മിച്ചു നൽകും)

യൂണിറ്റുകൾ LCD, ലാപ്ടോപ്പ് എന്നിവ കരുതണം. ഏതാനും കസേരകൾ ഇടണം (കസേര, മൈക്ക് മുതലായവയ്ക്കായി വ്യാപാരി വ്യവസായി വിഭാഗങ്ങളെ സമീപിക്കാം, കൂട്ടായി പ്രവർത്തിക്കാം)

ഒരു ജില്ലയിൽ പത്തു വീതം പ്രധാന പട്ടണങ്ങളിൽ മലയാള മനോരമ യുടെ കൂടി സഹായത്തോടെ മേൽ പരിപാടി കൂടുതൽ വിപുലമായി നടത്തണം. ഏറ്റെടുത്തു നടത്താൻ താല്പര്യമുള്ളവർ ജില്ലാ കൺവീനർമാരുമായി ബന്ധപ്പെട ണം.

നാഷണൽ സർവ്വീസ് സ്കീം, Information Kerala Mission - നുമായി ചേർന്ന് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ വെബ്സൈറ്റ് നിർമ്മിക്കാനുള്ള ഡാറ്റ കളക്ഷൻ പദ്ധതി, Total Engergy Security Mission നുമായി ചേർന്ന് സംസ്ഥാനത്ത് ഇനിയും വൈദ്യുതീകരിക്കപ്പെടാത്ത വീടുകളേയും കെട്ടിടങ്ങ ളേയും സംബന്ധിച്ച ഡാറ്റകളക്ഷൻ സർവ്വേ എന്നിവ ഏറ്റെടുത്തു നടത്തുകയാണ്. അതിവിപുലമായ ഇത്തരം ജോലികൾ ക്യാമ്പിൽ ഏറ്റെടുക്കുന്നതോടെ എൻ.എ സ്.എസ്. ക്യാമ്പിന്റെ അന്തഃസത്തയും സ്പിരിറ്റും വൈപുല്യവും നഷ്ടപ്പെടാതി രിക്കാൻ പ്രോഗ്രാം ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. പരമാവധി രണ്ടാം വർഷ വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി മേൽപദ്ധതി വിജയകരമായി നടപ്പിലാക്കേണ്ടതാണ്.

**ഒപ്പ്**

തിരുവനന്തപുരം **പ്രോഗ്രാം കോ-ഓർഡിനേറ്റർ**